# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 മാർച്ച് 21, ചൊവ്വ

**നമ്പർ 112**

രാവിലെ 9.00 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ 15-3-2023-ന് ബഹു. സ്പീക്കറുടെ ചേംബറിന് പുറത്ത് നടന്ന സംഘർഷത്തിൽ പോലീസ് കേസ് എടുത്തതിൽ പ്രതിഷേധിച്ചുകൊണ്ട് 5 പ്രതിപക്ഷ അംഗങ്ങൾ (ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. എ.കെ.എം. അഷ്റഫ്, ശ്രീ. ടി. ജെ. വിനോദ്, ശ്രീ. അൻവർ സാദത്ത്, ശ്രീമതി. ഉമ തോമസ്) സഭയിൽ സത്യാഗ്രഹം ഇരിക്കുന്നതാണെന്ന് പ്രതിപക്ഷ നേതാവ് സഭയെ അറിയിച്ചു. തുടർന്ന് പ്രതിപക്ഷ അംഗങ്ങൾ സഭയുടെ നടുത്തളത്തിലറങ്ങി മുദ്രാവാക്യം വിളിക്കുകയും, പ്ലക്കാർഡുകൾ ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കാതെ വന്നതിനെ തുടർന്ന് ചോദ്യോത്തര വേള റദ്ദ് ചെയ്തതായി സ്പീക്കർ സഭയെ അറിയിച്ചു.]

ശ്രദ്ധ ക്ഷണിക്കൽ :

(1) കേന്ദ്രസർക്കാർ തീരക്കടലിൽ സ്വകാര്യ കുത്തകകൾക്ക് ഖനനത്തിന് അനുമതി നൽകുവാൻ കരട് നിയമം രൂപീകരിച്ചത് തീരദേശത്തുള്ള മത്സ്യത്തൊഴിലാളികളിൽ സൃഷ്ടിച്ച ആശങ്ക കണക്കിലെടുത്ത് നിർദ്ദിഷ്ട നിയമ ഭേദഗതിയിൽ നിന്ന് കേന്ദ്ര സർക്കാർ പിൻമാറണമെന്ന ആവശ്യകതയിലേക്ക് ശ്രീ. പി. പി. ചിത്തരഞ്ജൻ നോട്ടീസ് നൽകിയിരുന്ന ശ്രദ്ധ ക്ഷണിക്കലിനുള്ള മറുപടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

(2) വിലത്തകർച്ചമൂലം പ്രതിസന്ധിയിലായിരിക്കുന്ന റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റബ്ബർ വിലസ്ഥിരതാ ഫണ്ടിലെ താങ്ങുവില വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. മോൻസ് ജോസഫ് നോട്ടീസ് നൽകിയിരുന്ന ശ്രദ്ധ ക്ഷണിക്കലിനുള്ള മറുപടി കൃഷി വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം ഉന്നയിക്കാൻ നോട്ടീസ് നൽകിയിരുന്ന താഴെ പറയുന്ന വിഷയങ്ങളുടെ മറുപടി സഭയുടെ മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഡോ. എൻ. ജയരാജ് | ഗുരുവായൂർ ദേവസ്വത്തിനു കീഴിലെ മൃഗപരിപാലനം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. ആന്റണി ജോൺ | കോതമംഗലം മണ്ഡലത്തിൽ അർഹരായവർക്ക് പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. പി.ടി.എ. റഹീം | കുന്ദമംഗലത്തെ വിവിധ റോഡുകളുടെ പ്രവൃത്തികൾ | ധനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. ഡി. കെ. മുരളി | ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ പ്രശ്നങ്ങൾ | കൃഷി വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. വിൻസെന്റ് | അയ്യാവൈകുണ്ഠ സ്വാമികൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് നടപടി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. എൻ. ഷംസുദ്ദീൻ | സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 7 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8 | ശ്രീമതി ഒ. എസ്. അംബിക | കടലുകാണി പാറയിലെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9 | ശ്രീമതി യു. പ്രതിഭ | കായംകുളം മണ്ഡലത്തിലെ അഡ്വഞ്ചർ ടൂറിസം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ജോയി | വർക്കല പ്രകൃതി ചികിത്സാ കേന്ദ്രത്തിന്റെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

ധനകാര്യം :

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വാഹന നികുതികൾ എന്ന IX - ാം നമ്പർ ധനാഭ്യർത്ഥന, ഗതാഗതം എന്ന XLI - ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5 - ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജുവും, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX - ാം നമ്പർ ധനാഭ്യർത്ഥന, ജലസേചനം എന്ന XXXVIII- ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും, കൃഷി എന്ന XXIX - ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം കൃഷി വകുപ്പുമന്ത്രി പി. പ്രസാദും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

IX - ാം നമ്പർ ധനാഭ്യർത്ഥന, XX - ാം നമ്പർ ധനാഭ്യർത്ഥന, XXIX - ാം നമ്പർ ധനാഭ്യർത്ഥന, XXXVIII - ാം നമ്പർ ധനാഭ്യർത്ഥന, XLI - ാം നമ്പർ ധനാഭ്യർത്ഥന എന്നിവ സംബന്ധിച്ച് നോട്ടീസ് നൽകപ്പെട്ടിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. തുടർന്ന് ധനാഭ്യർത്ഥനകൾ IX, XX, XXIX, XXXVIII, XLI എന്നിവ ചർച്ച കൂടാതെ സഭ പാസ്സാക്കി.

<u>മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം :</u>

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു.

"2023 മാർച്ച് 20 - ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്തുകൊണ്ടും ബന്ധപ്പെട്ട ചട്ടങ്ങൾ താൽകാലികമായി സസ്പെന്റ് ചെയ്തുകൊണ്ടും മാർച്ച് 22, 23, 27, 28, 29, 30 എന്നീ ദിവസങ്ങളിൽ സഭ പരിഗണിക്കുവാൻ നിശ്ചയിച്ചിരുന്ന ബിസ്സിനസുകൾ ഇന്ന് പരിഗണനയ്ക്ക് എടുക്കുവാൻ ഈ സഭ തീരുമാനിക്കുന്നു."

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

<u>ധനകാര്യം :</u>

താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5 - ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ സഭയുടെ വോട്ടിന് സമർപ്പിച്ചു.

| | | |
|---|---|---|
| I | — | സംസ്ഥാന നിയമസഭ |
| IV | — | തെരഞ്ഞെടുപ്പുകൾ |
| X | — | ട്രഷറികളും അക്കൗണ്ടുകളും |
| XVI | — | പെൻഷനും പലവകയും |
| XXV | — | പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം |
| XXVII | — | സഹകരണം |
| XLIII | — | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| XLV | — | പലവക വായ്പകളും മുൻകൂറുകളും |

ധനാഭ്യർത്ഥന നമ്പർ I, IV, X, XVI, XXV, XXVII, XLIII, XLV എന്നിവയെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു. ധനാഭ്യർത്ഥന നമ്പർ I, IV, X, XVI, XXV, XXVII, XLIII, XLV എന്നിവ സഭ പാസ്സാക്കി.

നിയമനിർമ്മാണകാര്യം :

(1) 2023 - ലെ കേരള ധനകാര്യ ബിൽ, 2023 - ലെ കേരള ധനകാര്യ (2 - ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും :

(സഭ അംഗീകരിച്ച പ്രമേയത്തിലെ ശിപാർശകൾക്കനുസൃതമായി 2023-ലെ കേരള ധനകാര്യ ബില്ലും, 2023-ലെ കേരള ധനകാര്യ (2 - ാം നമ്പർ) ബില്ലും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ അവതരിപ്പിച്ച ദിവസം തന്നെ പാസ്സാക്കുന്നതിലേക്കായി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമങ്ങളും സംബന്ധിച്ച ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടം താത്കാലികമായി സസ്പെന്റ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിച്ചു. പ്രമേയം സഭ അംഗീകരിച്ചു.)

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2023-ലെ കേരള ധനകാര്യ ബില്ലും, 2023-ലെ കേരള ധനകാര്യ (2- ാം നമ്പർ) ബില്ലും അവതരിപ്പിക്കുകയും, പ്രസ്തുത ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു.

തുടർന്ന് ബില്ലുകൾ ചർച്ച കൂടാതെ വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും 2023-ലെ കേരള ധനകാര്യ ബിൽ താഴെപ്പറയുന്ന ഭേദഗതികളോടെയും, 2023-ലെ കേരള ധനകാര്യ (2 - ാം നമ്പർ) ബിൽ ഭേദഗതികളൊന്നും കൂടാതെയും സഭ പാസ്സാക്കുകയും ചെയ്തു.

നാലാം വകുപ്പ്

(i) The sub clause (2) and (3) shall be omitted and the following shall be inserted as sub-clause (92), namely:—

(2) in the existing proviso to sub-section (1) of section 76, after the words and figures " the Kerala State Goods and Services Act, 2017 (20 of 2017)" the following words and figures shall be inserted, namely:—

", the Kerala General Sales Tax Act, 1963 (15 of 1963), the Kerala Tax on Luxuries Act, 1976 (32 of 1976) and the Kerala Value Added Tax Act, 2003 (30 of 2004)";

(ii) The Existing sub-clause (4), (5) (6) shall be renumbered respectively as (3) (4) and (5);

(iii) The existing clause (7) shall be omitted.

ഏഴാം വകുപ്പ്

In sub-clause (2), in item (1), the words " and figures" shall be omittted.

എട്ടാം വകുപ്പ്

(i) in sub-clause (1), in item (c), for the word, "words" , the word, "word" shall be substituted.

(ii) in sub-clause (22), in item (a) for the word "words", the word "word" shall be substituted.

പത്താം വകുപ്പ്

(i) In item (a) and (b) of sub-clause (ii), the words and figures " sub-entries (iii) to (v) of" shall be omitted;

(ii) In sub-section (4) of section 6 of the Kerala Finance Act, 2008 (21 of 2008) after the words, brackets and figure " sub-section (1)", the words, brackets and figure" and sub-section (2A)" shall be inserted.

പതിനൊന്നാം വകുപ്പ്

(i) In sub-clause (5), in the proviso to sub-section (5) for the words " date of furnishing the details" , the words " date of furnishing the said details" shall be substituted.

(ii) After sub-clause (10), the following sub-clause shall be inserted and the remaining sub clauses shall respectively be re-numbered, namely:—

i. in section 73,—

a. in the heading, for the words "wilful-misstatement" the words and symbol", " wilful-misstatement" shall be substituted;

b. in sub-section (1), for the words "willful-misstatement", the words and symbol " ,wilful-misstatement" shall be substituted.

ii. in section 74,

a. in the heading, for the words "willful-misstatement", the words and symbol " wilful-misstatement" shall be substituted;

b. in sub-section (1), for the words " willful-misstatement", the words and symbol ", wilful-misstatement" shall be substituted.

(iii) In sub-section (1B), in clause (iii) after the words "obtaining registration under this Act" , the words " shall be liable to pay a penalty of ten thousand rupees or an amount equivalent to the amount of tax involved had such supply been made by a registered person other than a person paying tax under section 10, whichever is higher." shall be placed as next paragraph.

(iv) In sub-section (14), in sub-section (2), in clause(b), after the words "information of the recipient", the words " in such form and manner as may be prescribed" shall be placed as the next line

(2) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി. വീണാ ജോർജ്ജ് സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. തുടർന്ന് ബിൽ ചർച്ച കൂടാതെ വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

എട്ടാം വകുപ്പ്

8 - ാം ഖണ്ഡത്തിലെ 2 - ാം ഉപഖണ്ഡത്തിൽ "ഹെൽത്ത് ഇൻസ്പെക്ടർ" എന്നീ വാക്കുകൾക്ക് പകരം "ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

പത്തൊൻപതാം വകുപ്പ്

19 - ാം ഖണ്ഡത്തിലെ 1 - ാം ഉപഖണ്ഡത്തിൽ "ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ" എന്നീ വാക്കുകൾക്ക് പകരം "ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. തുടർന്ന് ബിൽ ചർച്ച കൂടാതെ വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ സഭ പാസ്സാക്കുകയും ചെയ്തു.

4) 2023-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും :

(സഭ അംഗീകരിച്ച പ്രമേയത്തിലെ ശിപാർശകൾക്കനുസൃതമായി 2023-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ അവതരിപ്പിച്ച ദിവസം തന്നെ പാസ്സാക്കുന്നതിലേക്കായി വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമങ്ങളും സംബന്ധിച്ച ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടം താത്കാലികമായി സസ്പെന്റ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിച്ചു. പ്രമേയം സഭ അംഗീകരിച്ചു.)

വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ 2023-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ അവതരിപ്പിക്കുകയും, പ്രസ്തുത ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു.

തുടർന്ന് ബിൽ ചർച്ച കൂടാതെ വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ സഭ പാസ്സാക്കുകയും ചെയ്തു.

ചരമോപചാരം :

മുൻ നിയമസഭാംഗമായ സി. പി. കുഞ്ഞിന്റെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതനോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

തുടർന്ന്, സഭ അനിശ്ചിതകാലത്തേക്ക് പിരിയണമെന്ന പ്രമേയം മുഖ്യമന്ത്രി അവതരിപ്പിക്കുകയും സഭ അംഗീകരിക്കുകയും ചെയ്തു.

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

രാവിലെ 10.26 - ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

ദേശീയഗാനം

**എ. എം. ബഷീർ,**

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Eighth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, March 21, 2023.*

**No. 112**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Three Questions in the list of Questions posted for the day were answered orally.

[At the commencement of the Question Hour, the Leader of Opposition informed the house that 5 Members (Shri Shafi Parambil, Shri A.K.M. Ashraf, Shri T. J. Vinod, Shri Anwar Sadath, Smt. Uma Thomas) belonging to the Opposition parties are sitting satyagraha in the house in protest against the Police case registered on the scuffle outside the Hon. Speaker's Chamber on 15-3-2023. The Members belonging to the Opposition shouted slogans, hoisted placards and tried to disrupt the proceedings of the House by entering into the well of the House. Since the proceedings couldn’t be carried forward smoothly, the Speaker informed the House that rest of the Question Hour stands cancelled.]

*Calling Attention :*

1. Shri P. P. Chitharanjan called the attention of the Minister for Fisheries, Culture and Youth Affairs to the necessity to urge the Central Government to withdraw from the proposed amendment that allows the private monopolies to mine in the coastal waters in the draft legislation, which has created concern among coastal fishermen, the Minister for Fisheries, Culture and Youth Affairs laid on the table a statement.

2. Shri Mons Joseph called the attention of the Minister for Agriculture to the necessity to increase the fare market price in the Rubber Price Stabilization Scheme of the State Government to protect the rubber farmers who are in crisis due to the fall in prices, Minister for Agriculture laid on the table a statement.

(The members of the opposition parties continued the protest.)

*The Matters under Rule 304 :*

The reply to the matters for which notice was given by the following Members under Rule 304 were laid on the Table.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഡോ. എൻ. ജയരാജ് | ഗുരുവായൂർ ദേവസ്വത്തിനു കീഴിലെ മൃഗപരിപാലനം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. ആന്റണി ജോൺ | കോതമംഗലം മണ്ഡലത്തിൽ അർഹരായവർക്ക് പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. പി.ടി.എ. റഹീം | കുന്ദമംഗലത്തെ വിവിധ റോഡുകളുടെ പ്രവൃത്തികൾ | ധനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. ഡി. കെ. മുരളി | ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ പ്രശ്നങ്ങൾ | കൃഷി വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. വിൻസെന്റ് | അയ്യാവൈകുണ്ഠ സ്വാമികൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് നടപടി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. എൻ. ഷംസുദ്ദീൻ | സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 7 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8 | ശ്രീമതി ഒ. എസ്. അംബിക | കടലുകാണി പാറയിലെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9 | ശ്രീമതി യു. പ്രതിഭ | കായംകുളം മണ്ഡലത്തിലെ അഡ്വഞ്ചർ ടൂറിസം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ജോയി | വർക്കല പ്രകൃതി ചികിത്സാ കേന്ദ്രത്തിന്റെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

*Financial Business :*

Discussion and Voting on Demands for Grants in the Budget for the financial year 2023-24

Shri Antony Raju, Minister for Transport moved Demand No. IX – Taxes on Vehicles and Demand No. XLI – Transport, Shri Roshy Augustine, Minister for Water Resources moved Demand No. XX – Water Supply and Sanitation and Demand No. XXXVIII – Irrigation and Shri P. Prasad, Minister for Agriculture moved Demand No. XXIX – Agriculture for the amounts shown respectively against them under column No. 5 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demand Nos. IX, XX, XXIX, XXXVIII and XLI.

The cut motions for Demand Nos. IX, XX, XXIX, XXXVIII and XLI were not moved. Then the Demand No. IX, XX, XXIX, XXXVIII and XLI were passed by the House without any discussion.

*Motion moved by the Chief Minister :*

The following motion moved by the Chief Minister Shri Pinarayi Vijayan was adopted by the House :

"2023 മാർച്ച് 20 - ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്തുകൊണ്ടും ബന്ധപ്പെട്ട ചട്ടങ്ങൾ താൽകാലികമായി സസ്പെന്റ് ചെയ്തുകൊണ്ടും മാർച്ച് 22, 23, 27, 28, 29, 30 എന്നീ ദിവസങ്ങളിൽ സഭ പരിഗണിക്കുവാൻ നിശ്ചയിച്ചിരുന്ന ബിസ്സിനസുകൾ ഇന്ന് പരിഗണനയ്ക്ക് എടുക്കുവാൻ ഈ സഭ തീരുമാനിക്കുന്നു."

**(**The members of the opposition parties continued the protest.**)**

*Financial Business :*

The remaining Demands given below were guillotined in the following order for the amounts shown respectively against them in column 5 in the list of Demands for Grants.

| | | |
|---|---|---|
| I | — | State Legislature |
| IV | — | Elections |
| X | — | Treasury and Accounts |
| XVI | — | Pension and Miscellaneous |
| XXV | — | Welfare of Scheduled Castes/Scheduled Tribes/Other Backward Classes and Minorities |
| XXVII | — | Cooperation |
| XLIII | — | Compensation and Assignments |
| XLV | — | Miscellaneous Loans and Advances. |

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands Nos. I, IV, X, XVI, XXV, XXVII, XLIII and XLV. Then the Demand Nos. I, IV, X, XVI, XXV, XXVII, XLIII and XLV were passed.

*Legislative Business:*

*(1) Motion for consideration and further stages of the Kerala Finance Bill, 2023 and the Kerala Finance (No. 2) Bill, 2023*

(In accordance with the motion adopted by the House, Shri K. N. Balagopal, Minister for Finance moved a motion that the Kerala Finance Bill, 2023 and the Kerala Finance (No. 2) Bill, 2023 be taken into consideration without being referred to the Subject Committee by suspending the Rule concerned. The House adopted the motion.)

Shri K. N. Balagopal, Minister for Finance introduced the Kerala Finance Bill, 2023 and the Kerala Finance (No. 2) Bill, 2023 and moved the motion that the bills be taken up for consideration.

Then the Bills were then taken up for clause by clause consideration and the Kerala Finance Bill, 2023 was passed with the following amendments. Also, the Kerala Finance (No. 2) Bill, 2023 was passed without any amendments.

*Clause 4*

(i) The sub clause (2) and (3) shall be omitted and the following shall be inserted as sub- clause (92), namely:—

(2) in the existing proviso to sub-section (1) of section 76, after the words and figures "the Kerala State Goods and Services Act, 2017 (20 of 2017)" the following words and figures shall be inserted, namely:—

", the Kerala General Sales Tax Act, 1963 (15 of 1963), the Kerala Tax on Luxuries Act, 1976 (32 of 1976) and the Kerala Value Added Tax Act, 2003 (30 of 2004)";

(ii) The Existing sub-clause (4), (5) (6) shall be renumbered respectively as (3) (4) and (5);

(iii) The existing clause (7) shall be omitted.

*Clause 7*

In sub-clause (2), in item (1), the words “and figures” shall be omittted.

*Clause 8*

(i) in sub-clause (1), in item (c), for the word, “words”, the word, “word” shall be substituted.

(ii) in sub-clause (92), in item (a) for the word “words”, the word “word” shall be substituted.

*Clause 10*

(i) In item (a) and (b) of sub-clause (ii), the words and figures “sub-entries (iii) to (v) of” shall be omitted;

(ii) In sub-section (4) of section 6 of the Kerala Finance Act, 2008 (21 of 2008) after the words, brackets and figure “sub-section (1)”, the words, brackets and figure “and sub-section (2A)” shall be inserted.

*Clause 11*

(i) In sub-clause (5), in the proviso to sub-section (5) for the words “date of furnishing the details”, the words “date of furnishing the said details” shall be substituted.

(ii) After sub-clause (10), the following sub-clause shall be inserted and the remaining sub clauses shall respectively be re-numbered, namely:—

i. in section 73,—

a. in the heading, for the words “willful-misstatement”, the words and symbol “wilful-misstatement” shall be substituted;

b. in sub-section (1), for the words “ willful-misstatement”, the words and symbol “ ,wilful-misstatement” shall be substituted.

ii. in section 74,

a. in the heading, for the words “willful-misstatement”, the words and symbol “ wilful-misstatement” shall be substituted;

b. in sub-section (1), for the words " willful-misstatement", the words and symbol ", wilful-misstatement" shall be substituted.

(iii) In sub-section (1B), in clause (iii) after the words "obtaining registration under this Act", the words " shall be liable to pay a penalty of ten thousand rupees or an amount equivalent to the amount of tax involved had such supply been made by a registered person other than a person paying tax under section 10, whichever is higher." shall be placed as next paragraph.

(iv) In sub-section (14), in sub section (2), in clause(b), after the words "information of the recipient", the words "in such form and manner as may be prescribed" shall be placed as the next line.

*(2) Motion for Consideration and further stages of the Kerala Public Health Bill, 2021 as reported by the Select Committee*

Smt. Veena George, Minister for Health and Woman and Child Development moved the motion that the Kerala Public Health Bill, 2021 as reported by the Select Committee be taken up for consideration and spoke. Then the Bill as reported by the Select Committee was taken into consideration without any discussion and was passed with the following amendments.

*Clause 8*

8 - ാം ഖണ്ഡത്തിലെ 2 - ാം ഉപഖണ്ഡത്തിൽ "ഹെൽത്ത് ഇൻസ്പെക്ടർ" എന്നീ വാക്കുകൾക്ക് പകരം "ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

*Clause 19*

19- ാം ഖണ്ഡത്തിലെ 1 - ാം ഉപഖണ്ഡത്തിൽ "ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ" എന്നീ വാക്കുകൾക്ക് പകരം "ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

*(3) Motion for Consideration and further stages of the Kerala Panchayat Raj (Amendment) Bill, 2022 and the Kerala Municipality (Amendment) Bill, 2022 as reported by the Subject Committee*

Shri M. B. Rajesh, Minister for Local Self Government and Excise moved that the Kerala Panchayat Raj (Amendment) Bill, 2022 and the Kerala Municipality (Amendment) Bill, 2022 as reported by the Subject Committee be taken into consideration. The Bills were then taken up for clause by clause consideration without any discussion and was passed without any amendments.

*(4) Motion for consideration and further stages of the Kerala Private Forests (Vesting and Assignment) Amendment Bill, 2023*

(In accordance with the motion adopted by the House, Shri A. K. Saseendran, Minister for Forest and Wildlife moved a motion that the Kerala Private Forests (Vesting and Assignment) Amendment Bill, 2023 be taken into consideration without being referred to the Subject Committee by suspending the Rule concerned. The House adopted the motion.)

Shri A. K. Saseendran, Minister for Forest and Wildlife introduced the Kerala Private Forests (Vesting and Assignment) Amendment Bill, 2023 and moved the motion that the bill be taken up for consideration.

Then the Bill was then taken up for clause by clause consideration without any discussion and the Kerala Private Forests (Vesting and Assignment) Amendment Bill, 2023 was passed without any amendments.

*Obituary Reference :*

The Speaker made reference on the demise of C. P. Kunju, former Member of Kerala Legislative Assembly. As a mark of respect to the deceased, the members stood in silence for a while.

Then the Chief Minister moved a resolution that the House may be adjourned *sine die* and the same was adopted by the House.

The Speaker made a brief review of the Eighth Session of the Fifteenth Kerala Legislative Assembly.

The House adjourned *sine die* at 10.26 a.m.

National Anthem.

A. M. BASHEER,
*Secretary.*